എ.വൈ.ആർ

# സൂറ - 28 / അൽ ഖസ്വസ്വ്

## സൂക്തം: 60 - 64

ഭൗതിക ജീവിതത്തിന്റെ വിഭവങ്ങളെ ഭൗതിക ജീവിതത്തിന്റെ അലങ്കാരങ്ങളുമായി സമാസിച്ചത് ഭൗതിക വിഭവങ്ങളുടെ ആകർഷണീയതയോടൊപ്പം അവയുടെ ക്ഷണികതയെ കൂടി ധ്വനിപ്പിക്കുന്നു. അലങ്കാരം മൗലികമല്ല. നിത്യവുമല്ല. മൗലികമായതിന്മേൽ ചേർക്കുന്ന താൽക്കാലികമായ ഗുണങ്ങളാണ് അലങ്കാരം. അത് മാറിക്കൊണ്ടിരിക്കും. മാറ്റമില്ലാത്തത് അലങ്കാരമല്ലാത്തത് -മൗലികം- ആകുന്നു.



وَمَا أُوتِيتُم مِّن شَيْءٍ فَمَتَاعُ الْحَيَاةِ الدُّنْيَا وَزِينَتُهَا ۚ وَمَا عِندَ اللَّهِ خَيْرٌ وَأَبْقَىٰ ۚ أَفَلَا تَعْقِلُونَ ﴿٦٠﴾

60. നിങ്ങൾക്ക് ലഭിച്ചിട്ടുള്ളതെന്തും ഭൗതിക ജീവിതത്തിനുള്ള വിഭവങ്ങളും അലങ്കാരങ്ങളും മാത്രമാകുന്നു. അല്ലാഹുവിങ്കലുള്ളതത്രെ ഏറ്റവും വിശിഷ്ടവും സുസ്ഥിരവുമായിട്ടുള്ളത്. നിങ്ങൾ ബുദ്ധിപൂർവം ആലോചിക്കുന്നില്ലെയോ?

**60**

وَمَا أُوتِيتُم مِّن شَيْءٍ=വസ്തുവാൽ നിങ്ങൾക്ക് ലഭിച്ചിട്ടുള്ളത് (എന്തും)

فَمَتَاعُ الْحَيَاةِ الدُّنْيَا = (അതു) ഭൗതിക ജീവിതത്തിന്റെ (മാത്രം) വിഭവങ്ങളാകുന്നു

وَزِينَتُهَا = അതിന്റെ അലങ്കാരങ്ങളും وَمَا عِندَ اللَّهِ = അല്ലാഹുവിങ്കലുള്ളതത്രെ

خَيْرٌ وَأَبْقَىٰ = ഏറ്റം വിശിഷ്ടവും സുസ്ഥിരവുമായിട്ടുള്ളത് أَفَلَا تَعْقِلُونَ = നിങ്ങൾ ബുദ്ധിപൂർവം ആലോചിക്കുന്നില്ലെയോ

അനുബന്ധമായി ഖുറൈശി പ്രമാണിമാരെയും ധനാഢ്യരെയും ഒരു കാര്യം കൂടി ഓർമിപ്പിക്കുന്നു. നിങ്ങൾ അഹങ്കാരത്തോടെ അനുഭവിച്ചുകൊണ്ടിരിക്കുന്ന സമ്പത്തും സ്ഥാനമാനങ്ങളുമുണ്ടല്ലോ, അതൊക്കെയും ക്ഷണികമായ ഭൗതിക ജീവിതത്തിന്റെ തുഛമായ വിഭവങ്ങളും അലങ്കാരങ്ങളും മാത്രമാകുന്നു. ഒന്നും ഏറെ മഹത്വവും ശ്രേഷ്ഠതയുമുള്ളതോ സ്ഥായിയായി നിലനിൽക്കുന്നതോ അല്ല. ഭൗതിക സമ്പത്തും സ്ഥാനമാനങ്ങളും എത്രയൊക്കെ നേടിയാലും മരണത്തോടെ അതെല്ലാം നിങ്ങളുടേതല്ലാതാവും. ഒന്നും നിങ്ങളോടൊപ്പം വരികയില്ല. അനശ്വരവും മഹത്തരവുമായിട്ടുള്ളത് അല്ലാഹുവിങ്കലുള്ള വിഭവങ്ങളാകുന്നു. പരലോകം കാംക്ഷിക്കുകയും അവിടത്തെ വിഭവങ്ങൾക്കു വേണ്ടി പ്രയത്നിക്കുകയും ചെയ്യുന്നവർക്കു വേണ്ടിയാണ് അവൻ അതൊക്കെ ഒരുക്കി വെച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ക്ഷണിക ജീവിതത്തിന്റെ നൈമിഷികമായ പകിട്ടുകളിൽ മയങ്ങി ശാശ്വതമായ പാരത്രിക ജീവിതത്തിന്റെ അക്ഷയ ഖജനാവുകൾ നഷ്ടപ്പെടുത്താതിരിക്കുകയാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്. ഈ യാഥാർഥ്യം നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലേ എന്നാണ് أَفَلَا تَعْقِلُونَ എന്നതിന്റെ താൽപര്യം.

ഭൗതിക ജീവിതത്തിന്റെ വിഭവങ്ങളെ ഭൗതിക ജീവിതത്തിന്റെ അലങ്കാരങ്ങളുമായി സമാസിച്ചത് ഭൗതിക വിഭവങ്ങളുടെ ആകർഷണീയതയോടൊപ്പം അവയുടെ ക്ഷണികതയെ കൂടി ധ്വനിപ്പിക്കുന്നു. അലങ്കാരം മൗലികമല്ല. നിത്യവുമല്ല. മൗലികമായതിന്മേൽ ചേർക്കുന്ന താൽക്കാലികമായ ഗുണങ്ങളാണ് അലങ്കാരം. അത് മാറിക്കൊണ്ടിരിക്കും. മാറ്റമില്ലാത്തത് അലങ്കാരമല്ലാത്തത് -മൗലികം- ആകുന്നു. ഒരുനാൾ ചൂടുന്ന പൂ അടുത്തനാൾ വാടിപ്പോകുന്നു. ഇന്നു ധരിച്ച വസ്ത്രം നാളേക്ക് മുഷിയും. ശൈശവദശയിലെ അലങ്കാരങ്ങൾ ബാല്യത്തിലും ബാല്യത്തിലേത് കൗമാരത്തിലും കൗമാരത്തിലേത് യൗവനത്തിലും അലങ്കാരങ്ങളല്ലാതാകുന്നു. ■

61. ചിന്തിച്ചുനോക്കുവിൻ: നാം സുന്ദരമായ വാഗ്ദാനം നൽകിയ ഒരുവൻ. ആ വാഗ്ദാനം അവൻ ഉറപ്പായും പ്രാപിക്കുന്നു. അങ്ങനെയുള്ളവൻ, നാം ഭൗതിക ജീവിതത്തിന്റെ വിഭവങ്ങൾ മാത്രം നൽകിയിട്ട് പിന്നെ ഉയിർത്തെഴുന്നേൽപുനാളിൽ നരകശിക്ഷയിൽ ഹാജരാക്കപ്പെടുന്നവനെപ്പോലെയായിരിക്കുമോ?

أَفَمَن وَعَدْنَاهُ وَعْدًا حَسَنًا فَهُوَ لَاقِيهِ كَمَن مَّتَّعْنَاهُ مَتَاعَ الْحَيَاةِ الدُّنْيَا ثُمَّ هُوَ يَوْمَ الْقِيَامَةِ مِنَ الْمُحْضَرِينَ ﴿٦١﴾

**61**

أَفَمَن = യാതൊരുവൻ ആണോ وَعَدْنَاهُ وَعْدًا حَسَنًا = നാം അവന് സുന്ദരമായ വാഗ്ദാനം നൽകിയിരിക്കുന്നു

فَهُوَ لَاقِيهِ = അവൻ ആ വാഗ്ദാനം (ഉറപ്പായും) പ്രാപിക്കുന്നവനാകുന്നു

كَمَن = (അങ്ങനെയുള്ളവൻ) യാതൊരുവനെപ്പോലെയായിരിക്കുമോ

مَّتَّعْنَاهُ مَتَاعَ الْحَيَاةِ الدُّنْيَا = അവനെ നാം ഭൗതിക ജീവിതത്തിന്റെ വിഭവങ്ങൾ(മാത്രം) ആസ്വദിപ്പിച്ചു(നൽകിയിട്ട്)

ثُمَّ = പിന്നെ هُوَ = അവൻ يَوْمَ الْقِيَامَةِ = ഉയിർത്തെഴുന്നേൽപുനാളിൽ

مِنَ الْمُحْضَرِينَ = (നരക ശിക്ഷയിൽ) ഹാജരാക്കപ്പെടുന്നവരിൽ പെട്ടവ(നെപ്പോലെ)

ബുദ്ധിപൂർവം ആലോചിച്ചു നോക്കുക: അല്ലാഹുവിങ്കൽനിന്ന് വിശിഷ്ട വാഗ്ദാനങ്ങൾ ലഭിച്ച ഒരാൾ. ആ വാഗ്ദാനങ്ങൾ പൂർണമായും പാലിക്കപ്പെടുമെന്ന് അയാൾക്ക് ഉറപ്പുണ്ട്. അങ്ങനെയുള്ളവൻ അല്ലാഹുവിങ്കൽനിന്ന് തുഛവും ക്ഷണികവുമായ ഭൗതിക വിഭവങ്ങൾ മാത്രം ലഭിക്കുകയും പിന്നീട് പരലോകത്ത് നരക ശിക്ഷക്ക് ഹാജരാക്കപ്പെടുകയും ചെയ്യുന്നവനെപ്പോലെയാകുമോ? സത്യധർമങ്ങളിൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്യുന്നവരാണ് അല്ലാഹുവിന്റെ വിശിഷ്ട വാഗ്ദാനങ്ങൾ ലഭിച്ചവർ. പ്രവാചക ശിഷ്യന്മാരും മറ്റു മുസ്‌ലിംകളുമാണത്. അല്ലാഹു അവന്റെ വാഗ്ദാനങ്ങൾ പാലിക്കുമെന്ന് അവർക്ക് തികഞ്ഞ ബോധ്യമുണ്ട്. അതങ്ങനെത്തന്നെ സംഭവിക്കുകയും ചെയ്യും. സത്യവിശ്വാസത്തിന്റെ പേരിൽ അവർ ആക്ഷേപ ശകാരങ്ങളും മറ്റു പീഡനങ്ങളും സഹിക്കേണ്ടിവന്നിരുന്നു. അതുകണ്ട് നിഷേധികൾ അവരെ നിന്ദിതരും നിസ്സഹായരുമായി കാണുന്നു. പക്ഷേ, സത്യത്തിന്റെയും ധർമത്തിന്റെയും മാർഗത്തിൽ അവരുടെ ഓരോ ചുവടുവെപ്പും പരലോകത്ത് അവരുടെ മഹത്വവും സ്ഥാനവും ഉയർത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പരിഹാസകർക്ക് ലഭിച്ചിട്ടുള്ളതെല്ലാം ഭൗതിക ജീവിതത്തിന്റെ ക്ഷുദ്ര വിഭവങ്ങളാണ്. അതിന്റെ പേരിലുള്ള അഹങ്കാരവും ധാർഷ്ട്യവും പരലോകത്ത് അവരെ കൂടുതൽ കൂടുതൽ നിന്ദ്യരും നീചരുമാക്കുകയാണ് ചെയ്യുന്നത്. സത്യവിശ്വാസികൾ അല്ലാഹുവിങ്കൽനിന്ന് ലഭിച്ച വിശിഷ്ട വിഭവങ്ങളിലും പദവികളിലും, അഭിമാനപുളകിതരാകുമ്പോൾ ഈ ധിക്കാരികൾ നികൃഷ്ടരായി നരകശിക്ഷക്ക് ഹാജരാക്കപ്പെടുന്നു. مُحْضَرِينَ (ഹാജരാക്കപ്പെടുന്നവർ) എന്ന പ്രയോഗത്തിൽ, കുറ്റവാളികളെന്ന നിലയിൽ പിടികൂടപ്പെട്ട് അധമരായി ആനയിക്കപ്പെടുന്നവർ എന്ന ധ്വനിയുണ്ട്. ■

62. അവരെ വിളിച്ചുകൂട്ടുന്ന മഹാ നാളിനെക്കുറിച്ച് ഓർത്തിരിക്കട്ടെ. അന്ന് അവരോട് ചോദിക്കും: എനിക്കുണ്ടെന്ന് നിങ്ങൾ വാദിച്ചിരുന്ന പങ്കാളികൾ എവിടെ?

وَيَوْمَ يُنَادِيهِمْ فَيَقُولُ أَيْنَ شُرَكَائِيَ الَّذِينَ كُنتُمْ تَزْعُمُونَ ﴿٦٢﴾

63. ഈ വചനം യാഥാർഥ്യമായവർ പറയുന്നു: നാഥാ, ഈയാളുകൾ ഞങ്ങൾ വഴിപിഴപ്പിച്ചവർ തന്നെയാകുന്നു. ഞങ്ങൾ സ്വയം വഴിപിഴച്ചതുപോലെ അവരെയും പിഴപ്പിച്ചു. ഞങ്ങളിതാ നിന്റെ മുന്നിൽ നിരപരാധിത്വം ബോധിപ്പിക്കുന്നു. ഇക്കൂട്ടർ ഞങ്ങൾക്ക് ഇബാദത്ത് ചെയ്യുന്നവരായിരുന്നില്ല.

قَالَ الَّذِينَ حَقَّ عَلَيْهِمُ الْقَوْلُ رَبَّنَا هَٰؤُلَاءِ الَّذِينَ أَغْوَيْنَا أَغْوَيْنَاهُمْ كَمَا غَوَيْنَا ۖ تَبَرَّأْنَا إِلَيْكَ ۖ مَا كَانُوا إِيَّانَا يَعْبُدُونَ ﴿٦٣﴾

64. പിന്നെ അക്കൂട്ടരോടാവശ്യപ്പെടുന്നു: നിങ്ങളുടെ പങ്കാളികളെ വിളിച്ചു പ്രാർഥിക്കുവിൻ. അപ്പോൾ അവർ പ്രാർഥിച്ചുനോക്കും. പക്ഷേ അവയൊന്നും ഉത്തരം നൽകുന്നില്ല. അവർ ശിക്ഷയെ നേരിൽ കാണുകയായി. കഷ്ടം, ഈ ആളുകൾ സന്മാർഗം സ്വീകരിച്ചിരുന്നുവെങ്കിൽ?!!

وَقِيلَ ادْعُوا شُرَكَاءَكُمْ فَدَعَوْهُمْ فَلَمْ يَسْتَجِيبُوا لَهُمْ وَرَأَوُا الْعَذَابَ ۚ لَوْ أَنَّهُمْ كَانُوا يَهْتَدُونَ ﴿٦٤﴾

**62-64**

وَيَوْمَ يُنَادِيهِمْ= അവരെ വിളിക്കു(ച്ചു കൂട്ടു)ന്ന നാളിനെ(ക്കുറിച്ച് ഓര്‍ത്തിരിക്കട്ടെ)
فَيَقُولُ= അപ്പോള്‍ അവന്‍ പറയും (അന്ന് അവരോട് ചോദിക്കും) أَيْنَ= എവിടെ شُرَكَائِيَ= എന്റെ പങ്കാളികള്‍
الَّذِينَ كُنتُمْ تَزْعُمُونَ= നിങ്ങള്‍ വാദിച്ചിരുന്നവരായ (എനിക്കുണ്ടെന്ന് നിങ്ങള്‍ വാദിച്ചിരുന്ന)
قَالَ الَّذِينَ حَقَّ عَلَيْهِمُ الْقَوْلُ= ഈ വചനം ആരുടെ മേല്‍ (ഈ വചനം യാഥാര്‍ഥ്യമായവര്‍ പറയുന്നു)
സത്യമായിരിക്കുന്നുവോ അവര്‍ പറഞ്ഞു
رَبَّنَا= ഞങ്ങളുടെ നാഥാ هَٰؤُلَاءِ = ഈയാളുകള്‍ الَّذِينَ أَغْوَيْنَا= ഞങ്ങള്‍ പിഴച്ചവര്‍ (തന്നെ) ആകുന്നു
أَغْوَيْنَاهُمْ= ഞങ്ങള്‍ അവരെ പിഴപ്പിച്ചു كَمَا غَوَيْنَا= ഞങ്ങള്‍ (സ്വയം) പിഴച്ചതുപോലെ
تَبَرَّأْنَا إِلَيْكَ= ഞങ്ങള്‍ നിന്റെ മുമ്പില്‍ നിരപരാധിത്വം ബോധിപ്പിക്കുന്നു مَا كَانُوا = അവര്‍ (ഇക്കൂട്ടര്‍) ആയിരുന്നില്ല
إِيَّانَا يَعْبُدُونَ= ഞങ്ങള്‍ക്ക് ഇബാദത്ത് ചെയ്യുന്നവര്‍ وَقِيلَ= പറയപ്പെട്ടു (ഇക്കൂട്ടരോടാവശ്യപ്പെടുന്നു)
ادْعُوا= നിങ്ങള്‍ വിളിച്ചു പ്രാര്‍ഥിക്കുവിന്‍ شُرَكَاءَكُمْ = നിങ്ങളുടെ പങ്കാളികളെ
فَدَعَوْهُمْ= അപ്പോള്‍ അവര്‍ അവരെ വിളിച്ചു പ്രാര്‍ഥി(ക്കും)ച്ചു
فَلَمْ يَسْتَجِيبُوا لَهُمْ= (പക്ഷേ, അവയൊന്നും) അവര്‍ക്ക് ഉത്തരം നല്‍കുന്നില്ല
وَرَأَوُا الْعَذَابَ= അവര്‍ ശിക്ഷയെ (നേരില്‍) കാണുകയായി
لَوْ أَنَّهُمْ كَانُوا يَهْتَدُونَ= (കഷ്ടം!) അവര്‍ സന്മാര്‍ഗം സ്വീകരിച്ചിരുന്നുവെങ്കില്‍

ഇവിടം മുതല്‍ 75 വരെ സൂക്തങ്ങള്‍ ഉയിര്‍ത്തെഴുന്നേല്‍പു നാളിന്റെ അവസ്ഥ വര്‍ണിക്കുകയാണ്. മുന്‍ സൂക്തങ്ങളില്‍ സൂചിപ്പിച്ച ഭൗതിക ശിക്ഷയുടെയും ഉന്മൂലനത്തിന്റെയും ആശയങ്ങളെ ബലപ്പെടുത്താനും അവിശ്വാസികളുടെ ബഹുദൈവത്വപരമായ വ്യാമോഹങ്ങളെ നിഷേധിക്കാനുമാണിത്. പരലോകവും വിചാരണയുമൊക്കെ ഉണ്ടെങ്കില്‍ തന്നെ, അതിന്റെ കെടുതികളില്‍നിന്നൊക്കെ തങ്ങളെ രക്ഷിക്കാന്‍ തങ്ങളുടെ ഇഷ്ടദേവതകളുണ്ടായിരിക്കും എന്നാണല്ലോ വിഗ്രഹവിശ്വാസികളുടെ വിചാരം. അത് വെറും വ്യാമോഹമാണ്. അവര്‍ ഉപദൈവങ്ങളും സഹദൈവങ്ങളുമായി സങ്കല്‍പിക്കുന്നവര്‍ക്കാര്‍ക്കും അവരുടെയോ ഈ പ്രപഞ്ചത്തിന്റെയോ ഭാഗധേയം നിശ്ചയിക്കുന്നതില്‍ യാതൊരു സ്വാധീനവുമില്ല. അത്തരം മിഥ്യകളില്‍ വിശ്വാസമര്‍പ്പിച്ച് ഖുര്‍ആനിനെ തള്ളിപ്പറയാന്‍ ബദ്ധപ്പെടുന്നവര്‍ അവരുടെ പരിണതിയെക്കുറിച്ച് സഗൗരവം ചിന്തിച്ചുകൊള്ളട്ടെ എന്നുണര്‍ത്തുകയാണ്.

ഇവിടെ അവരെ വിളിക്കുന്ന നാള്‍ എന്നു പറയുന്നത് പരലോക വിചാരണക്കു വേണ്ടി മനുഷ്യരെല്ലാം വിളിച്ചുകൂട്ടപ്പെടുന്ന ദിവസമാകുന്നു. 'അവര്‍' കൊണ്ടുദ്ദേശ്യം, യാഥാര്‍ഥ്യങ്ങളെക്കുറിച്ച് ചിന്തിക്കാന്‍ തയാറാവാതെ അന്ധവിശ്വാസങ്ങളില്‍ ശഠിച്ചുനിന്ന് അധര്‍മങ്ങളും അനാചാരങ്ങളും അനുവര്‍ത്തിച്ചിരുന്നവരാണ്. അല്ലാഹുവിങ്കല്‍നിന്ന് ശിക്ഷാവിധി പ്രസ്താവിക്കപ്പെട്ടവരാണ് الَّذِينَ حَقَّ عَلَيْهِمُ الْقَوْلُ - വചനം സത്യമായവര്‍. അസത്യജഡിലമായ ഭൗതിക തത്ത്വശാസ്ത്രങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഉപജ്ഞാതാക്കളും പ്രചാരകരും ബഹുദൈവത്വത്തിന്റെയും വിഗ്രഹാരാധനയുടെയും പുരോഹിതന്മാരും ആചാര്യന്മാരുമായവര്‍ സാമാന്യ ജനങ്ങളെ പ്രലോഭിപ്പിച്ച് വഴിതെറ്റിച്ചവര്‍ തങ്ങളാണെന്ന് അന്ത്യനാളില്‍ ഏറ്റുപറയുന്നു. غَيّ (മാര്‍ഗച്യുതി) എന്ന മൂലത്തില്‍ നിന്ന് ഉത്ഭവിച്ചതാണ് غَوَى-യും اغوى-യും. മാര്‍ഗച്യുതിയും, തെറ്റായ പ്രലോഭനങ്ങള്‍ക്കും പ്രകോപനങ്ങള്‍ക്കും വിധേയരായി ആപത്തിലകപ്പെടലും غواية ആകുന്നു. غوى-യുടെ സകര്‍മക രൂപമാണ് اغوى. الَّذِينَ أَغْوَيْنَا (ഞങ്ങള്‍ വഴിപിഴപ്പിച്ചവര്‍) എന്നു പറയുന്നത് സാമാന്യ ജനങ്ങളെക്കുറിച്ചാണ്. براءة-ല്‍നിന്ന് നിഷ്പാദിതമായ ക്രിയാ വചനമാണ് تَبَرَّأْنَا. കുറ്റമുക്തിക്കും ബന്ധമുക്തിക്കും ഉത്തരവാദിത്തമുക്തിക്കും براءة എന്നു പറയും. بُرأة രോഗമുക്തിയാണ്. تَبَرَّأْنَا إِلَيْكَ (ഞങ്ങള്‍ നിന്നോട് നിരപരാധിത്വം ബോധിപ്പിക്കുന്നു). تَبَرَّأْنَا منك എന്നാകുമ്പോള്‍ അര്‍ഥം നിന്റെ കുറ്റങ്ങളില്‍ അല്ലെങ്കില്‍ രോഗങ്ങളില്‍ ഞങ്ങള്‍ക്ക് ഉത്തരവാദിത്തമില്ല എന്നാകുന്നു.

വചനതാല്‍പര്യമിതാണ്: ഈ ലോകത്ത് സ്വയം നിര്‍മിച്ച ദൈവങ്ങളില്‍ വിശ്വാസമര്‍പ്പിച്ച് അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ഗര്‍വിഷ്ഠരായി വാ

ഴുന്നവർ, അന്ത്യവിചാരണക്ക് വിളിക്കപ്പെടുന്ന ദിവസത്തെക്കുറിച്ച് ഓർത്തിരിക്കട്ടെ. അസത്യ ദർശനങ്ങളുടെ പ്രചാരകരോടും മിഥ്യാ ദൈവങ്ങളുടെ പൂജകരോടുമെല്ലാം അന്ന് അല്ലാഹു അന്വേഷിക്കും: വിചാരണയും വിധിയും ഉണ്ടാവുകയാണെങ്കിൽ അവിടെ നിങ്ങളെ രക്ഷിക്കാൻ, എന്റെ പങ്കാളികളായി കരുതി നിങ്ങൾ ആരാധിച്ചിരുന്ന ദൈവങ്ങൾ ഉണ്ടായിരിക്കുമെന്ന് നിങ്ങൾ വാദിച്ചിരുന്നുവല്ലോ. ഇപ്പോഴിതാ നിങ്ങൾ വിചാരണാ സഭയിൽ, സ്വർഗ-നരകങ്ങളുടെ മുന്നിൽ ഹാജരാക്കപ്പെട്ടിരിക്കുകയാണ്. നിങ്ങളെ രക്ഷിക്കാനെത്തുമെന്ന് പറഞ്ഞ ആ ദൈവങ്ങളൊക്കെ എവിടെ? اين شركائ -എവിടെ എന്റെ പങ്കാളികൾ- എന്ന ചോദ്യത്തിൽ, ആ പങ്കാളികളോടുള്ള പുഛത്തിന്റെയും വെറുപ്പിന്റെയും ധ്വനി മുഴച്ചു കാണാം. അതായത് അങ്ങനെ വല്ലവരുമുണ്ടെങ്കിൽ എങ്ങോ പോയി ഒളിച്ചിരിക്കേണ്ട സമയമല്ലിത്. പ്രത്യുത, വേദിയിൽ പ്രത്യക്ഷപ്പെട്ട് നിങ്ങളെ രക്ഷിക്കേണ്ട സന്ദർഭമാണ്.

അപ്പോൾ സ്വയം വഴിപിഴക്കുകയും സാമാന്യ ജനങ്ങളെ വഴിപിഴപ്പിക്കുകയും ചെയ്ത വ്യാജ ദൈവങ്ങളും അസത്യ ദർശനങ്ങളുടെയും ആചാരങ്ങളുടെയും ആചാര്യന്മാരും നിസ്സഹായരായി ബോധിപ്പിക്കുന്നു: നാഥാ, ഈ ബഹുജനങ്ങളെ വഴിതെറ്റിച്ചത് ഞങ്ങൾ തന്നെയായിരുന്നു. ഞങ്ങൾ സ്വയം വഴിപിഴച്ചു പോയിരുന്നു. അതുപോലെ അവരെ വഴിപിഴപ്പിക്കുകയും ചെയ്തു. എന്നാൽ അവരുടെ മാർഗഭ്രംശത്തിന് ഞങ്ങൾ ഉത്തരവാദികളല്ല. ഞങ്ങൾ പിഴച്ചതിന്റെ ഉത്തരവാദിത്തമേ ഞങ്ങൾക്കുള്ളൂ. അതുപോലെ അവർ പിഴച്ചതിന്റെ ഉത്തരവാദിത്തം അവർക്കും. സത്യ-ധർമങ്ങൾ നിഷ്പക്ഷമായും നിഷ്കളങ്കമായും അന്വേഷിച്ചു കണ്ടെത്തുകയോ സത്യസന്ധരും സാത്വികരുമായ പ്രവാചകവര്യന്മാരുടെ മാർഗദർശനം സ്വീകരിക്കുകയോ ചെയ്യാതെ ഞങ്ങൾ പൈശാചിക ശക്തികളുടെ പ്രലോഭനത്തിൽ വീണ് വഴിതെറ്റിപ്പോയി. ഞങ്ങൾ പ്രലോഭിപ്പിക്കപ്പെട്ടതുപോലെ ഈ യാളുകളെ ഞങ്ങളും പ്രലോഭിപ്പിക്കുകയായിരുന്നു. അതിൽ വീണ് അവരും വഴിതെറ്റിപ്പോയി. പൈശാചിക ശക്തികൾ ഞങ്ങളെ ബലാൽക്കാരം മാർഗച്യുതിയിലേക്ക് വലിച്ചിഴക്കുകയായിരുന്നില്ല. ഞങ്ങൾ അവരുടെ പ്രേരണക്കും പ്രലോഭനത്തിനും സ്വയം വഴങ്ങിക്കൊടുക്കുകയായിരുന്നു. അതുപോലെ ഈ ആളുകൾ ഞങ്ങൾക്കും വഴങ്ങി. അത് അവരുടെ ദോഷമാണ്, ഞങ്ങളുടെ ദോഷമല്ല. ഞങ്ങൾ വഴിതെറ്റിയതാണ് ഞങ്ങളുടെ ദോഷം. ഇക്കൂട്ടർ ഞങ്ങൾക്കു വഴിപ്പെട്ടു ജീവിക്കുന്നവരും ഞങ്ങളുടെ ആരാധകരുമായിരുന്നു എന്നു പറയുന്നതും സത്യമല്ല. ഞങ്ങളെ ആരാധിക്കാൻ അവരെ ആരും നിർബന്ധിച്ചിട്ടില്ല. ഇക്കാര്യത്തിലും കേവലം പ്രേരണ മാത്രമാണ് ഞങ്ങളിൽനിന്നുണ്ടായിട്ടുള്ളത്. അതിനു വഴങ്ങി അവർ ഞങ്ങളെ ദൈവങ്ങളാക്കുകയായിരുന്നു. യഥാർഥത്തിൽ അവർ ആരാധിച്ചിരുന്നത് അവരെ, അവരുടെ ആസക്തികളെ തന്നെയാണ്. സൂറ *ഇബ്റാഹീം* 22-ാം സൂക്തം ഈ ആശയം ഇപ്രകാരം പ്രകാശിപ്പിച്ചിരിക്കുന്നു:

وَمَا كَانَ لِيَ عَلَيْكُم مِّن سُلْطَانٍ إِلَّا أَن دَعَوْتُكُمْ فَاسْتَجَبْتُمْ لِي ۖ فَلَا تَلُومُونِي وَلُومُوا أَنفُسَكُم ۖ

(എനിക്ക് നിങ്ങളിൽ യാതൊരധികാരവുമുണ്ടായിരുന്നില്ല. ഞാൻ നിങ്ങളെ ക്ഷണിച്ചുവെന്നു മാത്രം. നിങ്ങൾ ആ ക്ഷണം സ്വീകരിക്കുകയായിരുന്നു. ആകയാൽ നിങ്ങൾ എന്നെ ആക്ഷേപിക്കേണ്ട. നിങ്ങളെത്തന്നെ ആക്ഷേപിച്ചുകൊള്ളുക). *അൽ അഅ്റാഫ്* 38-39 സൂക്തങ്ങളിൽ പറയുന്നു: ''അന്ന് അല്ലാഹു അവരോട് ആജ്ഞാപിക്കും: പോവിൻ, നിങ്ങൾക്ക് മുന്നേ പല ജിന്ന് സമൂഹങ്ങളും മനുഷ്യ സമൂഹങ്ങളും പോയിട്ടുള്ള നരകത്തിലേക്കുതന്നെ. സഹോദര ഗണത്തെ ശപിച്ചുകൊണ്ടാണ് ഓരോ ഗണവും അതിൽ പ്രവേശിക്കുക. അങ്ങനെ എല്ലാവരും അതിൽ ഒരുമിച്ചുകൂടിയാൽ പിൻഗാമികൾ മുൻഗാമികളെക്കുറിച്ച് പ്രാർഥിക്കുന്നു: നാഥാ, ഇക്കൂട്ടരാണ് ഞങ്ങളെ വഴിപിഴപ്പിച്ചത്. അവർക്ക് ഇരട്ടി നരകശിക്ഷ നൽകേണമേ! അല്ലാഹു പറയും: എല്ലാവർക്കും ഇരട്ടി തന്നെ. പക്ഷേ, നിങ്ങൾ അറിയുന്നില്ല. മുൻഗാമികൾ പിൻഗാമികളോട് പറയും. നിങ്ങൾ ഞങ്ങളേക്കാൾ ഒട്ടും മെച്ചപ്പെട്ടവരല്ല. നിങ്ങൾ നേടിയതിന്റെ ശിക്ഷ നിങ്ങൾ രുചിച്ചുകൊള്ളുക.''

മറുവശത്ത്, വിഗ്രഹങ്ങളിൽ വിശ്വാസമർപ്പിച്ച് അനാചാരങ്ങളനുവർത്തിച്ചിരുന്നവർ അവർ വിശ്വാസമർപ്പിച്ച വിഗ്രഹങ്ങളെ സഹായത്തിന് വിളിക്കാൻ വീണ്ടും വീണ്ടും ആഹ്വാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കും. അപ്പോൾ ശിക്ഷയിലകപ്പെട്ട പാപികൾ അവരെ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, എങ്ങുനിന്നും അവർക്കൊരു സഹായവും ലഭിക്കുന്നില്ല. അവരുടെ ദുരന്തത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുക്കുന്നുമില്ല. ലാത്ത, മനാത്ത, ചാമുണ്ടി, കാളി തുടങ്ങി ആരും അവിടെ എത്തുന്നില്ല. കാരണം അവയൊന്നും യാഥാർഥ്യമേയല്ല. എല്ലാം സാങ്കൽപികാസ്തിത്വങ്ങളാണ്. അറബികൾ സ്വയം ഭാവന ചെയ്ത് കൊത്തിയെടുത്തവയായിരുന്നു അവരുടെ ദൈവവിഗ്രഹങ്ങളെല്ലാം. അവയെ മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്. വേദക്കാരും മറ്റും യാഥാർഥ്യ ലോകത്ത് അസ്തിത്വമുള്ള ചില മൂർത്തികളെ ആരാധിച്ചിരുന്നു. യഹൂദർ ആരാധിച്ചിരുന്ന ഉസൈറും ക്രൈസ്തവരുടെ ആരാധ്യനായ ഈസാ(അ)യും ഉദാഹരണം. അവരെക്കുറിച്ച് ഖുർആൻ വേറെ തന്നെ പറയുന്നുണ്ട്. തന്നെ ആരാധിച്ചവരെ നിസ്സങ്കോചം തള്ളിപ്പറഞ്ഞുകൊണ്ട്, താൻ ഏകനായ അല്ലാഹു മാത്രമേ ആരാധ്യനായിട്ടുള്ളൂ എന്ന് പ്രബോധനം ചെയ്തിരുന്നതായി ഈസാ (അ) സത്യവാങ്മൂലം നൽകും.

സഹായത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള അവരുടെ പ്രാർഥനകളും നിലവിളികളും നിഷ്ഫലമാവുകയും നികൃഷ്ടമായ പാപജീവിതത്തിന്റെ അനിവാര്യതയായ ദൈവിക ശിക്ഷ തികഞ്ഞ യാഥാർഥ്യമായി മുന്നിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നുവെന്നാണ് وَرَأَوُا الْعَذَابَ എന്ന വാക്യത്തിന്റെ താൽപര്യം. ഈ ദുരവസ്ഥയോടുള്ള സഹതാപവും പരിദേവനവുമാണ് لَوْ أَنَّهُمْ كَانُوا يَهْتَدُونَ - കഷ്ടം! പ്രവാചകനിൽ വിശ്വസിക്കുകയും വേദസൂക്തങ്ങളനുസരിക്കുകയും ചെയ്തുകൊണ്ട് അവർ സന്മാർഗ ജീവിതം സ്വീകരിച്ചിരുന്നുവെങ്കിൽ ഇന്നിപ്പോൾ നിന്ദ്യമായ ഈ നിത്യ ദുരിതത്തിൽ അകപ്പെടേണ്ടിവരുമായിരുന്നില്ലല്ലോ!? ■